# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1367** **02.03.2017-ന് മറുപടിയ്ക്ക്**

**സർക്കാർ ആവശ്യങ്ങൾക്കും പൊതു സംരംഭങ്ങൾക്കുമുള്ള ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.ഉബൈദുള്ള**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ.അബ്ദുൽ ഹമീദ് പി.**<br>**ശ്രീ. എം.ഷംസുദ്ദീൻ :** | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) 2013 ലെ കേന്ദ്ര നിയമത്തിന്റെ വെളിച്ചത്തിൽ സർക്കാർ ആവശ്യങ്ങൾക്കും പൊതു സംരംഭങ്ങൾക്കുമുള്ള ഭൂമി ഏറ്റെടുക്കൽ നയത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ : | (എ) പുതിയ കേന്ദ്ര സ്ഥലമെടുപ്പ് നിയമം LARR ആക്ട് 2013-ന്റെ വെളിച്ചത്തിൽ സർക്കാർ ആവശ്യങ്ങൾക്കും പൊതുസംരംഭങ്ങൾക്കുമുള്ള ഭൂമി ഏറ്റെടുക്കൽ നയം G.O (Ms) 485/15/RD dated 23.09.2015 ആയി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി സാമൂഹിക ആഘാത പഠനം നടത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) പുതിയ സ്ഥലമെടുപ്പ് നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം സാമൂഹിക ആഘാത പഠനം നടത്തുന്നതിനായി 200 ആറിന് താഴെയുള്ള ഭൂമിയേറ്റെടുക്കൽ കേസുകളിൽ ജില്ലാതലത്തിൽ ഏജൻസികളെ/വ്യക്തികളെ തെരഞ്ഞെടുക്കുന്നതിന് ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തുകയും 200 ആറിന് മുകളിലുള്ള ഭൂമിയേറ്റെടുക്കൽ കേസുകളിൽ സംസ്ഥാന തലത്തിൽ ഏജൻസികളെ/ വ്യക്തികളെ എംപാനൽമെന്റും ചെയ്തിട്ടുണ്ട്. |
| (സി) മുൻ കാലങ്ങളിൽ ഭൂമി ഏറ്റെടുത്തപ്പോൾ ഭവനരഹിതരായിത്തീർന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ടോ; അപ്രകാരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തവരെ സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ ? | (സി) ഉണ്ട്. |

സെക്ഷൻ ഓഫീസർ